# കേരള സർവകലാശാല

നം. പി.ആർ.109/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി : സ്പോർട്സ്/കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യു.ജി കോഴ്സുകൾക്ക് 2016-17 അധ്യയന വർഷത്തേക്കുള്ള സ്പോർട്സ്/കമ്മ്യൂണിറ്റി ക്വോട്ടയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ സർട്ടിഫിക്കറ്റുകളും സഹിതം ഇന്ന് (24.06.2016) വൈകുന്നേരം അഞ്ച് മണിവരെ കോളേജുകളിൽ സമർപ്പിക്കാം.

കമ്മ്യൂണിറ്റി ക്വോട്ട അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് ജൂൺ 27-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റ് പ്രകാരം ജൂലൈ നാല് മുതൽ അതത് കോളേജുകളിൽ പ്രവേശനം നേടാം.

സ്പോർട്സ് ക്വോട്ട അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് ജൂൺ 28-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റ് പ്രകാരം ജൂലൈ അഞ്ച് മുതൽ അതത് കോളേജുകളിൽ പ്രവേശനം നേടാം.

### എൻ.ആർ.ഐ സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിൽ ജൂൺ 30 രാവിലെ 11 മണിക്ക് കാര്യവട്ടം കോളേജ് ഓഫീസിൽ വെച്ച് സ്പോട്ട് അഡ്മിഷൻ (എൻ.ആർ.ഐ) നടത്തും. ഫോൺ. 0471-2308874.

### ജർമ്മൻ/റഷ്യൻ പരീക്ഷ

കേരള സർവകലാശാല ജൂലൈ 20-ന് തുടങ്ങുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ & ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 30 (50 രൂപ പിഴയോടെ ജൂലൈ രണ്ട്, 250 രൂപ പിഴയോടെ ജൂലൈ നാല് വരെ) അപേക്ഷിക്കാം.

ജൂലൈ 11-ന് തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 30 (50 രൂപ പിഴയോടെ ജൂലൈ ഒന്ന്, 250 രൂപ പിഴയോടെ ജൂലൈ രണ്ട് വരെ) അപേക്ഷിക്കാം.

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസുകൾ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ജൂൺ 24 മുതൽ ജൂലൈ ഒന്ന് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ പുനർമൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട സെക്ഷനിൽ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി ഹാജരാകണം.

## ബി.എസ്സി മേഴ്സി ചാൻസ് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ എട്ടിന് തുടങ്ങുന്ന ബി.എസ്സി (ആന്വൽ സ്കീം - പാർട്ട് മൂന്ന്, സബ്സിഡിയറി വിഷയങ്ങൾക്കുള്ള മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ എൽ.എൽ.എം ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ജൂലൈ അഞ്ച് വരെ സ്വീകരിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2013 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 30 (50 രൂപ പിഴയോടെ ജൂലൈ രണ്ട്, 250 രൂപ പിഴയോടെ ജൂലൈ നാല്) വരെ അപേക്ഷിക്കാം.

## ബി.പി.എ ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഡാൻസ്) (2013 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അസിസ്റ്റന്റ് പ്രൊഫസർ/ ലാബ് അസിസ്റ്റന്റ് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്), ലാബ് അസിസ്റ്റന്റ് (ഇലക്ട്രിക്കൽ) ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ഒമ്പതാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (2011-12 ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ്: 6000/- രൂപ. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30. ഫോൺ. 0471-2302523.

## സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

ക്ലാസുകൾ ജൂലൈ രണ്ടിന് കുമാരപുരം യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ രാവിലെ 10 മണിക്ക് തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ജൂലൈ ഒന്നിനകം പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ. 0471–2302523.

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് കോഴ്സ് ക്ലാസുകൾ ജൂലൈ രണ്ടിന് തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ. 0471–2302523.

## എം.എസ്‌സി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി സൈക്കോളജി, ബയോടെക്നോളജി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ കോളേജുകളിൽ മെരിറ്റ് & മാനേജ്മെന്റ് ക്വോട്ടയിലെ റഗുലർ വിദ്യാർത്ഥികളിൽ നിന്നും 2016–17 അധ്യയനവർഷത്തിൽ അഞ്ചാം സെമസ്റ്ററിലേക്ക് (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ്) കോളേജ് മാറ്റത്തിനായി അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂലൈ അഞ്ച്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.പ്ലാനിംഗ് & എം.ആർക് പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.പ്ലാനിംഗ് & എം.ആർക് (2013 സ്കീം – റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
23.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ